**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2463** **27-02-2023 - ൽ മറുപടിയ്ക്ക്**

**വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്റഫ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ 2021-22, 2022-23 സാമ്പത്തിക വർഷം കൈവരിച്ച ഭൗതിക സാമ്പത്തിക നേട്ടം എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) | പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ബാധകമായിട്ടുള്ള നിലവിലെ സാമ്പത്തിക വിനിയോഗ അധികാരം പ്രകാരം 10 കോടി രൂപവരെയുള്ള പദ്ധതികൾ സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുന്നതിനുള്ള ചില നിബന്ധനകൾക്ക് വിധേയമായി സർക്കാർ അനുമതി തേടാതെ ബോർഡിന്റെ അനുമതിയോടുകൂടി സ്ഥാപന തലത്തിൽ തന്നെ തീരുമാനമെടുത്ത് നടപ്പിലാക്കാവുന്നതാണ്. വ്യവസായ വകുപ്പിന് കീഴിലെ വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ 2021-22, 2022-23 വർഷം കൈവരിച്ച ഭൗതിക നേട്ടങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലെങ്കിലും വിവിധ കമ്പനികൾ സർക്കാർ ധനസഹായത്തിലും, അവരുടെ സ്വന്തം ഫണ്ട് ഉപയോഗിച്ചും, ധനകാര്യ സ്ഥാപനങ്ങൾ മുഖേന ഫണ്ട് കണ്ടെത്തിയും ഭൗതിക സൗകര്യങ്ങൾ വലിയതോതിൽ മെച്ചപ്പെടുത്തിയിട്ടുള്ളതായി സർക്കാർ തലത്തിലും റിയാബ് തലത്തിലും നടത്തിയിട്ടുള്ള പൊതുവായ അവലോകനത്തിൽ വെളിവായിട്ടുണ്ട്. പുതിയ പ്ലാന്റുകളുടെ നിർമ്മാണം, മെഷിനറികളുടെ വാങ്ങൽ, ഫാക്ടറികളുടെ നവീകരണം, സാങ്കേതിക വിദ്യയിലെ അപ്ഗ്രഡേഷൻ, കെട്ടിട നിർമ്മാണം ഉൾപ്പെടെയുള്ള വിവിധ ആസ്ഥി വികസന പ്രവർത്തനങ്ങൾ കമ്പനികൾ നടപ്പിലാക്കിയിട്ടുണ്ട്. കെൽട്രോൺ, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ്, ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്, കേരള മിനറൽസ് & മെറ്റൽസ് ലിമിറ്റഡ്, ടെക്സ്റ്റൈൽ മേഖലയിലെ വിവിധ സ്ഥാപനങ്ങൾ, കശുവണ്ടി മേഖലയിലെ സ്ഥാപനങ്ങൾ, എന്നിവ മെഷിനറിയിലും, സാങ്കേതിക വിദ്യയിലും കാര്യമായ ഭൗതിക നേട്ടം കൈവരിച്ചിട്ടുണ്ട്. ഇതുകൂടാതെ ഓരോ സ്ഥാപനവും |

| | | | |
|---|---|---|---|
| | | | അവരുടെ അടുത്ത 10 വർഷത്തെ പ്രവർത്തനം മുന്നിൽകണ്ട് മാസ്റ്റർ പ്ലാൻ പദ്ധതികളും തയ്യാറാക്കിയിട്ടുണ്ട്. ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തിയതിലൂടെയും, ഉത്പാദന വർദ്ധനവിലൂടെയും സ്ഥാപനങ്ങളുടെ പ്രവർത്തനം നിശ്ചിത ഇടവേളകളിൽ വിലയിരുത്തി സർക്കാരും റിയാബും നൽകിയ കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ നിരവധി സ്ഥാപനങ്ങൾക്ക് 2021-22-ൽ സാമ്പത്തിക നേട്ടം കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തെ ലാഭ നഷ്ടകണക്കുകൾ സാമ്പത്തിക വർഷം പൂർത്തിയായാൽ മാത്രമേ ലഭ്യമാകുകയുള്ളൂ. 2021-22 വർഷം പ്രവർത്തന ലാഭം കൈവരിച്ച സ്ഥാപനങ്ങളുടെ വിവരം അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു. |
| (ബി) | പ്രസ്തുത സ്ഥാപനങ്ങളിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിശദ വിവരം ലഭ്യമാക്കുമോ ? | (ബി) | വിശദാംശങ്ങൾ അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം 1

**വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ 2021-22 സാമ്പത്തിക വർഷത്തെ ആഡിറ്റിന് മുൻപുള്ള കണക്കുകൾ പ്രകാരം പ്രവർത്തന ലാഭം കൈവരിച്ച സ്ഥാപനങ്ങളുടെ വിവരം**

| ക്രമ നം. | കമ്പനി |
|---|---|
| 1 | ദി കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ് |
| 2 | ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് |
| 3 | കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് |
| 4 | ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് |
| 5 | കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് |
| 6 | മലബാർ സിമന്റ്സ് ലിമിറ്റഡ് |
| 7 | കെൽട്രോൺ കംമ്പോണന്റ് കോംപ്ലക്സ് ലിമിറ്റഡ് |
| 8 | സ്റ്റീൽ ആന്റ് ഇന്റഡസ്ട്രീയൽ ഫോർജിംഗ്സ് ലിമിറ്റഡ് |
| 9 | ദി മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് |
| 10 | സ്റ്റീൽ ഇന്റഡസ്ട്രീയൽ കേരള ലിമിറ്റഡ് |
| 11 | കേരള ആർട്ടിസൻസ് ഡെവലപ്പമെന്റ് ലിമിറ്റഡ് |
| 12 | ദി പ്രിയദർശിനി കോ-ഓപ്പറേറ്റീവ് സ്പിന്നീംഗ് മിൽസ് ലിമിറ്റഡ് |
| 13 | ആലപ്പി കോ-ഓപ്പറേറ്റീവ് സ്പിന്നീംഗ് മിൽസ് ലിമിറ്റഡ് |
| 14 | കെൽട്രോൺ ഇലക്ട്രോ സിറാമിക്സ് ലിമിറ്റഡ് |
| 15 | ദി കേരള സിറാമിക്സ് ലിമിറ്റഡ് |
| 16 | കേരള സ്റ്റേറ്റ് ഇൻസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് |
| 17 | കെ.സി.സി.പി ലിമിറ്റഡ് |
| 18 | ദി മലബാർ കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽ ലിമിറ്റഡ് (മാൽകോടെക്സ്) |
| 19 | കെ. കരുണാകരൻ മെമ്മോറിയൽ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് |
| 20 | ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡ് |
| 21 | ദി മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് |
| 22 | കേരള സ്റ്റേറ്റ് ഇൻഡസ്ട്രീയൽ ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് |
| 23 | കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡ് |
| 24 | കിൻഫ്ര, തിരുവനന്തപുരം |

സെക്ഷൻ ഓഫീസർ

**അനുബന്ധം 2**

| വ്യവസായ വകുപ്പിന്റെ അധീനതയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ 2021-22 സാമ്പത്തിക വർഷത്തെ ആഡിറ്റിന് മുൻപുള്ള കണക്കുകൾ പ്രകാരം നഷ്ടത്തിൽ പ്രവർത്തിച്ചു വരുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ | |
|---|---|
| **ക്രമ നം** | **സ്ഥാപനം** |
| 1 | ട്രാവൻകൂർ സിമിന്റ്സ് ലിമിറ്റഡ് |
| 2 | കേരള സ്റ്റേറ്റ്  മിനറൽ ഡവലപ്പ്മെന്റ് കേർപ്പറേഷൻ ലിമിറ്റഡ് |
| 3 | കേരള ഇലക്ട്രിക്കൽ & അലൈഡ് എൻജിനീയറിംഗ് കമ്പനി ലിമിറ്റഡ് |
| 4 | യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് |
| 5 | ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ് |
| 6 | ട്രാൻസ്ഫോമേഴ്സ് & ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ് |
| 7 | സെയിൽ - എസ്സിഎൽ കേരള ലിമിറ്റഡ് |
| 8 | കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ് |
| 9 | ഓട്ടോകാസ്റ്റ് ലിമിറ്റഡ് |
| 10 | കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ് |
| 11 | സീതാറാം ടെക്സ്റ്റൈൽസ് ലിമിറ്റഡ് |
| 12 | ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് |
| 13 | ദി ക്വയിലോൺ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് |
| 14 | ദി കണ്ണൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് |
| 15 | ദി ട്രിച്ചൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് |
| 16 | കേരള സ്മാൾ ഇൻഡസ്ട്രീസ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് |
| 17 | ഹാൻഡിക്രാഫ്റ്റ്സ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ (കേരള) ലിമിറ്റഡ് |
| 18 | കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ ലിമിറ്റഡ് |
| 19 | കേരള സ്റ്റേറ്റ് ഹാൻഡ്‌ലൂം ഡവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് |
| 20 | ഹാന്റെക്സ് |
| 21 | കെൽപാം |
| 22 | കേരള സ്റ്റേറ്റ് കാഷ്യൂ ഡവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റ്ഡ് |
| 23 | കേരള കാഷ്യൂ ബോർഡ് ലിമിറ്റഡ് |
| 24 | കാപ്പക്സ് |
| 25 | ഫോം മാറ്റിംഗ്സ് ഇൻഡ്യാ ലിമിറ്റഡ് |
| 26 | കയർഫെഡ് |
| 27 | കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ച്ചറിംഗ് കമ്പനി ലിമിറ്റഡ് |

സെക്ഷൻ ഓഫീസർ